**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 983** **26-07-2021 - ൽ മറുപടിയ്ക്ക്**

**ചാലക്കുടി ട്രാംവേ റെയിൽ പൈതൃക മ്യൂസിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | ചാലക്കുടിയിൽ ട്രാംവേ റെയിൽ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (എ) | ചാലക്കുടിയിൽ ട്രാംവേ റെയിൽ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിനു സ.ഉ.(സാധാ) നം.374/2020/ സാം.കാ.വ. തീയതി 29.09.2020 ഉത്തരവുപ്രകാരം ഒരു കോടി നാൽപത്തിരണ്ടു ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികളിൽ മ്യൂസിയം സ്ഥാപിക്കുന്ന കെട്ടിടത്തിന്റെ സംരക്ഷണ ജോലികൾ, മ്യൂസിയം സജ്ജീകരണം എന്നീ രണ്ടു ഘടകങ്ങൾ ഉൾപ്പെട്ടിരിക്കുന്നു. മ്യൂസിയം സ്ഥാപിക്കുന്ന കെട്ടിടത്തിന്റെ സംരക്ഷണ ജോലികൾക്ക് കരാറുകാരന് 09.04.2021-ന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദീകരിക്കുമോ; | (ബി) | മ്യൂസിയം സ്ഥാപിക്കുന്ന കെട്ടിടത്തിന്റെ സംരക്ഷണ ജോലികൾ, മ്യൂസിയം സജ്ജീകരണം എന്നീ രണ്ടു ഘടകങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (സി) | മ്യൂസിയം നിർമ്മാണം എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (സി) | നിലവിൽ ജലസേചന വകുപ്പിന്റെ കൈവശമുള്ള കെട്ടിടവും സ്ഥലവും കേരള പുരാവസ്തുവകുപ്പിന് മ്യൂസിയം സജ്ജീകരിക്കുന്നതിലേക്കു വിട്ടു നൽകുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഇതു പൂർത്തിയായാൽ ഉടൻ തന്നെ മ്യൂസിയം സ്ഥാപിക്കുന്ന കെട്ടിടത്തിന്റെ സംരക്ഷണ ജോലികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ